

# ഷ്രഗ് അഥവാ ചെറിയ ജാക്കറ്റ് നിർമ്മിക്കുക

## ഈ വീഡിയോയിലൂടെ മനോഹരമായ ഒരു ഡിസൈനർ ഷ്രഗ് ഉണ്ടാക്കുവാൻ നിങ്ങൾ പഠിക്കും.











ഒരു ഷ്രഗ് ഉണ്ടാക്കുവാൻ നിങ്ങൾക്ക് വേണ്ടത് എൺപത്തേഴ് സെന്റീമീറ്റർ നീളവും അറുപത്തേഴ് സെന്റീമീറ്റർ വീതിയുമുള്ള ഒരു കഷ്ണം തുണിയാണ്. നിങ്ങൾക്ക് ഇഷ്ടമുള്ള ഏത് തുണിയും എടുക്കാം. ലേയ്സി, ഫറി, സീക്വൻസ് ഉള്ളത് അങ്ങനെ ഏതുമാകാം. എപ്പോഴത്തേയും പോലെ ബീഡഡ് പിന്നുകളും പിന്നെ ഒടുവിലായി ഡെക്കറേഷനു വേണ്ടി ഒരു ഫേബ്രിക്ക് ഫ്ലവറും.

ഇനി തെറ്റായ വശം കിട്ടുന്നതിനു വേണ്ടി തുണി തിരിക്കുക. ചെറിയ വശത്തു നിന്ന് തുടങ്ങി കാൽ ഇഞ്ച് വീതിയിൽ അരിക് ഡബിൾ ഫോൾഡ് ചെയ്യുക. മുന്നോട്ട് പോകും തോറും ഈ മടക്ക് ഉറച്ചിരിക്കുവാൻ വേണ്ടി ബീഡഡ് പിൻസ് കുത്തുക. തുണിയുടെ ഈ വശത്തിന്റെ മറ്റേ അറ്റത്ത് എത്തുന്നത് വരെ ഇത് തുടരുക.

ഇതേ സ്റ്റെപ്പ് തുണിയുടെ മറ്റേ വശം മടക്കുന്നതിന് വേണ്ടി ആവർത്തിക്കുക. മുന്നോട്ട് പോകും തോറും മടക്ക് ബീഡഡ് പിൻസ് കുത്തി ഉറപ്പിക്കുക.

ഇനി തയ്യാറാക്കിയ തുണി തയ്യൽ മെഷീനിലേയ്ക്ക് കൊണ്ടുപോവുക. അകത്തേ മടക്ക് നീഡിലുമായി അലൈൻ ചെയ്യുക. തുണി ശരിയായി അലൈൻ ചെയ്ത് പ്രസ്സർ ഫുട്ട് താഴ്ത്തുക. മുന്നോട്ട് പോകും തോറും പിന്നുകൾ നീക്കം ചെയ്യുവാൻ മറക്കാതിരിക്കുക.

ഇതേ സ്റ്റെപ്പ് തുണിയുടെ മറ്റേ വശത്തും ആവർത്തിക്കുക. തയ്യലുകൾ നേരേയുള്ളതും വൃത്തിയുള്ളതുമായ ലൈനുകൾ ആയിരിക്കുവാൻ ശ്രമിക്കുക.

ഇനി തെറ്റായ വശം മുകളിൽ വരത്തക്ക വിധത്തിൽ തുണി ഒരു പരന്ന മേശയിൽ വയ്ക്കുക. മൂലകൾ മധ്യഭാഗത്ത് കൂട്ടിമുട്ടത്തക്ക വണ്ണം തയ്ച്ച് അരികുകൾ മടക്കുക. ദിശ തൊണ്ണൂറ് ഡിഗ്രി ആയിരിക്കുകയും മൂലകൾ ശരിയായി മാച്ചാകുകയും വേണം.

മറ്റേ വശത്തും ഇത് ആവർത്തിക്കുക.



പുറത്തെ മുനയുള്ള മൂലയിൽ നിന്നും ഉള്ളിലേയ്ക്ക് പതിനേഴ് സെന്റീമീറ്റർ അടയാളപ്പെടുത്തുക. ശരിയായ വശങ്ങൾ ഒരുമിച്ച് പിടിച്ചുകൊണ്ട് തുണി മുകളിലേയ്ക്ക് ഉയർത്തി തുണി മറുവശത്തേയ്ക്ക് തിരിക്കുക. അങ്ങനെ പിടിച്ചുകൊണ്ട് അലവൻസ് ചേർത്ത് കുത്തി വയ്ക്കുക.

മറ്റേ വശത്തും ഇത് ആവർത്തിക്കുക.

അടുത്തതായി തുണി മെഷീനിലേയ്ക്ക് കൊണ്ടുപോയി അടയാളപ്പെടുത്തിയ പതിനേഴ് സെന്റീമീറ്റർ മുതൽ പരന്ന വശത്തേയ്ക്ക് തയ്ക്കുവാൻ തുടങ്ങുക. പിന്നുകളുടെ അടുത്തെത്തുമ്പോൾ അവ നീക്കം ചെയ്യുവാൻ മറക്കാതിരിക്കുക. തയ്യൽ ലോക്ക് ചെയ്യുന്നു എന്ന് ഉറപ്പാക്കുക.

മറ്റേ വശത്തും ഇത് ആവർത്തിക്കുക. ഇനി തയ്ച്ച തുണി മേശയിൽ വയ്ക്കുക. അരികിൽ നിന്നും ഏകദേശം പത്ത് സെന്റീമീറ്റർ തയ്ച്ചതായി നിങ്ങൾക്ക് കാണാൻ സാധിക്കും.



പരുക്കൻ അരികുകൾ മിനുസം നൽകുന്നതിന് വേണ്ടി സീം ഫ്ലാറ്റ് ഓപ്പൺ ചെയ്ത് സീം ജോയിന്റിൽ തുടങ്ങി കാൽ ഇഞ്ച് അലവൻസ് നൽകി തുണി ഡബിൾ ഫോൾഡ് ചെയ്യുക. മടക്ക് ഉറപ്പിക്കുന്നതിന് വേണ്ടി ബീഡഡ് പിൻസ് ഉപയോഗിക്കുക.

മടക്കിന്റെ തുടക്ക ഭാഗത്ത് എത്തുന്നത് വരെ തുണിക്ക് ചുറ്റും ഇത് ചെയ്യുക. തുണി മെഷീനിൽ വച്ച് പ്രസ്സർ ഫുട്ടിന്റെ അരികിൽ അലൈൻ ചെയ്യുക. ഫുട്ട് താഴ്ത്തി തയ്ക്കുവാൻ തുടങ്ങുക.

അറ്റത്ത് എത്തിക്കഴിയുമ്പോൾ തയ്യൽ ലോക്ക് ചെയ്യുക. തുണി മെഷീനിൽ നിന്നും എടുത്ത് ഉള്ളിൽ നിന്നും മറിച്ചിടുക. നിങ്ങളുടെ ഷ്രഗ് മറ്റുള്ളവരെ കാണിക്കുവാൻ തയ്യാറായിരിക്കുന്നു.

ഒന്നുകൂടി ഭംഗിയാക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു ബ്രോച്ച് കൂട്ടിച്ചേർത്ത് കൂടുതൽ മനോഹരമാക്കുക.

പല നിറങ്ങളിലും തുണികളിലും ഇത് പരീക്ഷിക്കുക. നിങ്ങളുടെ കലാ സൃഷ്ടികൾ നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് സമ്മാനിക്കുക.

